**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5160** **12-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വ്യാപനം മൂലം ദുരിതമനുഭവിക്കുന്നവർക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് 19 വ്യാപനംമൂലം സംസ്ഥാനം ലോക്ഡൗണിലേക്ക് പോയ സാഹചര്യത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന വ്യാപാരികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് മൂലം സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന വ്യാപാരികൾക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സഹായപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ തരത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ടാക്സി/മോട്ടോർ വാഹന ഉടമകൾക്കും തൊഴിലാളികൾക്കും പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ബി) | സംസ്ഥാനത്ത് കോവിഡ് മൂലം സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ടാക്സി/ മോട്ടോർ വാഹന ഉടമകൾക്കും തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സഹായപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ, എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ അനുബന്ധ പാക്കേജ്.

1. കേന്ദ്ര – സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറു മാസത്തേക്ക് വഹിക്കുന്നതാണ്. ആകെ 2000 കോടി രൂപ വലിപ്പമുള്ള വായ്പാ പദ്ധതിക്കുള്ള പലിശയിളവാണിത്. ഒരു ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.
2. സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുന്നു.
3. ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് (എം.എസ്.എം.ഇ) കെട്ടിട നികുതി ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും സർക്കാർ വാടകയും ഒഴിവാക്കുന്നു.
4. <u>കെ.എസ്.എഫ്.ഇ:-</u> കെ.എസ്.എഫ്.ഇ കോവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലായവർക്ക് ആശ്വാസം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കും. 20.01.2021 മുതൽ default ആയ കെ.എസ്.എഫ്.ഇ. നൽകിയ എല്ലാ ലോണുകളുടെയും പിഴ പലിശ സെപ്റ്റംബർ 30 വരെ ഒഴിവാക്കി നൽകും. ചിട്ടിയുടെ കുടിശ്ശികക്കാർക്ക് കാലാവധി അനുസരിച്ച് സെപ്തംബർ 30 വരെയുള്ള അമ്പതു മുതൽ നൂറു ശതമാനം വരെ പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 20.01.2021 മുതൽ default ആയ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 30.09.2021 വരെ ചിട്ടിപിടിച്ച ചിറ്റാളന്മാർക്ക് ഡിവിഡന്റ് നഷ്ടപ്പെടില്ല.
5. <u>കെ.എഫ്.സി:-</u>കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ പുനരുജ്ജീവനത്തിനായി കെ.എഫ്.സി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മൂന്നു പദ്ധതികൾ.
   (i) <u>സ്റ്റാർട്ടപ്പ് കേരള പദ്ധതി:-</u> ഒരു കോടി രൂപ വരെ കോളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ്പ് കേരള' വായ്പാപദ്ധതി. ഇതിനായി കെ.എഫ്.സി 50 കോടി രൂപ മാറ്റി വയ്ക്കും.

(ii) <u>വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതി:-</u>സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന പ്രത്യേക വായ്പാ പദ്ധതി. 20 കോടി വരെ ഒരു സംരംഭത്തിന് അനുവദിക്കുന്ന ഈ പദ്ധതിയിൽ, 500 കോടി രൂപ മാറ്റി വയ്ക്കും.

(iii) <u>മുഖ്യമന്ത്രിയുടെ സംരഭക വികസന പദ്ധതി രണ്ടാം ഭാഗം:-</u> നിലവിലെ മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ പുനരാവിഷ്ക്കരിക്കും. ഒരു കോടി വരെ 5% പലിശയിൽ വായ്പ നൽകുന്ന ഈ പദ്ധതിയിൽ ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ, അടുത്ത അഞ്ച് വർഷം കൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും.

<u>നിലവിൽ കോവിഡ്-19 ന്റെ രണ്ടാം തരംഗം മൂലം തുടരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ചെറുകിട വ്യവസായങ്ങൾ,ആരോഗ്യ പരിപാലനം, ടൂറിസം എന്നീ മേഖലകളിലുള്ള യൂണിറ്റുകളെ സഹായിക്കുന്നതിനായി കെ.എഫ്സി. കൈക്കൊണ്ടു വരുന്ന വിവിധ നടപടികൾ.</u>

a. <u>ഒരുവർഷത്തെ മൊറട്ടോറിയം:-</u> കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തു 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കും.

b. <u>വായ്പകളുടെ പുനഃക്രമീകരണം:-</u> സംരംഭകരുടെ നിലവിലുള്ള വായ്പകൾ റിസർവ് ബാങ്ക് (RBI ) മാർഗനിർദേശങ്ങൾക്കനുസൃതമായി നിഷ്ക്രിയ ആസ്തി ആകാതെ പുനഃക്രമീകരണം ചെയ്തു നൽകുന്നതുമാണ്. ഇതിനായി ചാർജുകളോ അധിക പലിശയോ ഈടാക്കുന്നതല്ല. 3000 ത്തോളം വായ്പകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

<u>c. കെ.എഫ്.സി സംരംഭങ്ങൾക്ക് 20% അധിക വായ്പ:-</u> കോവിഡിന്റെ രണ്ടാം തരംഗത്തിൽ വീണ്ടും പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് പോലെ 20 ശതമാനം കൂടി അധിക വായ്പ വീണ്ടും അനുവദിക്കും. അതായത് കഴിഞ്ഞ വർഷം അനുവദിച്ച് 20 ശതമാനം ഉൾപ്പടെ 40 ശതമാനം അധിക വായ്പ.

ബാങ്കുകളെപ്പോലെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി ലഭിക്കാത്തതിനാൽ കെ എഫ് സി സ്വന്തം നിലക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. പദ്ധതിയിൽ മുതൽ തിരിച്ചടവിനു 24 മാസത്തെ സാവകാശം നൽകും. എന്നാൽ ഈ കാലയളവിലും പലിശ അടക്കേണ്ടതിനാൽ, വായ്പയിൽ നിന്നും ഇത് തിരിച്ചടക്കുവാനുള്ള സൗകര്യവും ഈ പദ്ധതിയിലുണ്ട്. 400 സംരംഭങ്ങൾക്ക് ഈ അനുകൂല്യം ലഭിക്കും. കെ എഫ് സി ഇതിനായി 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>d. കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്കുള്ള സഹായം:-</u> കോവിഡ് രോഗവ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകുവാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കായി ഉദാര വ്യവസ്ഥയിൽ പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മേഖലകൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

50 ലക്ഷം വരെയുള്ള വായ്പകൾ മുഖ്യ മന്ത്രിയുടെ സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തി 7% പലിശയിലാണ് നൽകുന്നത്. 5 വർഷമായിരിക്കും വായ്പാ കാലാവധി. കൂടുതൽ തുകയുടെ ലോണുകളിൽ 50 ലക്ഷം വരെ 7 ശതമാനത്തിലും അതിനു മുകളിൽ റേറ്റിംഗ് അടിസ്ഥാനമാക്കിയും ആണ് പലിശ ഈടാക്കുന്നത്. 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. 50 സംരംഭങ്ങൾക്കായി 100 കോടി രൂപ ഇതിനായി മാറ്റി വെക്കും.

<u>e.പലിശയിളവ്:-</u>

പലിശ നിരക്ക് കുറച്ചു ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ എഫ് സി വൻ ഇളവ് വരുത്തി. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറഞ്ഞു. റേറ്റിംഗ് അടിസ്ഥാനമാക്കിയാണ് പലിശ നിർണയിക്കുന്നത്. കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

മാത്രമല്ല കഴിഞ്ഞ വർഷം പോളിസി മാറ്റങ്ങളെ തുടർന്ന് ഈടാക്കിയ അധിക പലിശ ഇടപാടുകാർക്ക് തിരികെ നൽകും.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

കോവിഡ് വ്യാപനം മൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ്/ടാക്സി വാഹന മേഖലയെ സംരക്ഷിക്കുന്നതിനായി താഴെ പറയും പ്രകാരം ത്രൈമാസ നികുതി ഒഴിവാക്കുകയും, ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| വാഹനത്തിന്റെ തരം | കാലയളവ് | റിമാർക്സ് |
|---|---|---|
| കോൺട്രാക്റ്റ് കാര്യേജ് (ഓട്ടോ,ടാക്സി,ടൂറിസ്റ്റ്, പെർമിറ്റ് ട്രാവലർ) | 01/04/2020-30/06/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15/08/2020 വരെ ദീർഘിപ്പിക്കുകയും നികുതിയിൽ 20% ഇളവ് നൽകുകയും ചെയ്തു. |
| | 01/07/2020-31/09/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി |
| | 01/10/2020-31/12/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 30/11/2020 വരെ ദീർഘിപ്പിക്കുകയും നികുതിയിൽ 50% ഇളവ് നൽകുകയും ചെയ്തു. |
| | 01/01/2021-31/03/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി |
| | 01/04/2021-30/06/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി |
| | 01/07/2021-30/09/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31/08/2021 വരെ ദീർഘിപ്പിച്ചു. |

കോവിഡ് 19 മഹാമാരിയുടെ ആദ്യ ഘട്ടത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ടേബിൾ I വിഭാഗത്തിലെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/- രൂപ വീതവും ടേബിൾ II വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടേബിൾ III വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഓമ്നി വാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ IV വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ആദ്യ ഘട്ടത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു. കൂടാതെ ടി കാലയളവിൽ കോവിഡ് ധനസഹായത്തിന് പുറമേ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ മേൽ വിഭാഗത്തിലെ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000 രൂപ വീതം അനുവദിച്ചു നൽകിയിരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബാർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം അനുവദിച്ചു. മോട്ടോർ ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാഹന ഉടമകളുടെയും തൊഴിലാളികളുടെയും ഒന്നര വർഷ കാലയളവിലെ (2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള) ഉടമാ തൊഴിലാളി അംശാദായം ഒഴിവാക്കി. ഗതാഗത മേഖലയാകെ ഏതാണ്ട് സ്തംഭനാവസ്ഥയായ നിലവിലെ സാഹചര്യത്തിൽ കടുത്ത പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് ഒരു സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്ക് 1000/- രൂപ വീതം അടിയന്തിര ധനസഹായമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു നൽകി. ഒന്നാം ഘട്ട ധനസഹായമായി 91622 തൊഴിലാളികൾക്കായി 23,13,55,500/- രൂപയും രണ്ടാം ഘട്ടമായി 143243 തൊഴിലാളികൾക്കായി 14,32,43,000/- രൂപയും മൂന്നാം ഘട്ടമായി 141029 തൊഴിലാളികൾക്കായി 14,10,29,000/- രൂപയും (ആകെ 3 ഘട്ടങ്ങളിലായി 51,56,27,500/- രൂപ ) അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ